**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 102** **10-10-2024 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ റീ സർവ്വേ നടപടികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഡിജിറ്റൽ റീ സർവ്വേ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഏതെല്ലാം ജില്ലകളിൽ പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി ഇതിനോടകം റീസർവെ ചെയ്ത 116 വില്ലേജുകൾ ഒഴികെ ബാക്കി വരുന്ന 1550 വില്ലേജുകളിൽ നാല് വർഷം കൊണ്ട് ഡിജിറ്റൽ സർവെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>ഇതിൽ ആദ്യ രണ്ട് ഘട്ടങ്ങളിലെ ഡിജിറ്റൽ റീസർവെ നടപടികളാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്. നിലവിൽ 438 വില്ലേജുകളാണ് ഡിജിറ്റൽ സർവെക്കായി രണ്ട് ഘട്ടങ്ങളിലായി സർവെ നടന്നു വരുന്നത്. 212 വില്ലേജുകളിൽ ഫീൽഡ് സർവെ പൂർത്തിയാക്കി സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 9(2) പ്രസിദ്ധീകരിക്കുവാൻ ഇതിനോടകം കഴിഞ്ഞിട്ടുണ്ട്. ടി വില്ലേജുകളിൽ സെക്ഷൻ 13 പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. ആദ്യ ഘട്ടത്തിൽ ഉൾപ്പെട്ടു വരുന്ന 200 വില്ലേജുകളിൽ ആകെയുള്ള 392675.88 ഹെക്ടർ ഭൂമിയിൽ 369253.07 ഹെക്ടർ ഭൂമിയിലെ ഡിജിറ്റൽ സർവെ പൂർത്തീകരിച്ച് (94.04%), സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതും, റവന്യൂ ഭരണത്തിന് കൈമാറുന്ന ഘട്ടത്തിലാണ്. രണ്ടാം ഘട്ടത്തിലെ 238 വില്ലേജുകളിൽ ആകെയുള്ള 604500.3ഹെക്ടർ വിസ്തീർണ്ണമുള്ള ഭൂമിയിൽ 102562.21 ഹെക്ടർ വിസ്തീർണ്ണമുള്ള ഭൂമിയുടെ ഡിജിറ്ററീ സർവെ പൂർത്തീകരിച്ച് 9(2)വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് റവന്യൂ ഭരണത്തിന് കൈമാറുന്ന ഘട്ടത്തിലാണ്. ഇടുക്കി, കോഴിക്കോട്, വയനാട് ഒഴികെയുള്ള ജില്ലകളിൽ ഫീൽഡ് സർവെ മുഴുവനായും പൂർത്തീകരിക്കാൻ സാധിച്ചു. |

| | | | |
|---|---|---|---|
| | | | ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകൾ യഥാക്രമം 82.38, 90.90, 86.48 ശതമാനം ഫീൽഡ് ജോലികൾ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള ജോലികൾ ഉടൻ തന്നെ പൂർത്തിയാക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ വേഗത്തിലാക്കാൻ ഉദ്യോഗസ്ഥരെ വിന്യസിക്കാനുള്ള നടപടികൾ കാര്യക്ഷമമാണോ; വിശദമാക്കുമോ; | (ബി) | ഉദ്യോഗസ്ഥരെ വിന്യസിക്കാനുള്ള നടപടികൾ കാര്യക്ഷമമാണ്. ഡിജിറ്റൽ റീസർവ്വെ സമയബന്ധിതമായി പൂർത്തികരിക്കുന്നതിന് സർവെയും ഭൂരേഖയും വകുപ്പിലെ ജീവനക്കാരെ കൂടാതെ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് 2025 സർവെയറെയും 2500 ഹെൽപ്പർമാരെയും കരാർ അടിസ്ഥാനത്തിൽ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ഡിജിറ്റൽ സർവെ പദ്ധതിക്കായി നിയമിക്കുവാൻ തീരുമാനിച്ചിട്ടുള്ളതാണ്.<br><br>ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമായ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പട്ടികയിൽ നിന്നും എഴുത്ത് പരീക്ഷ, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിൽ സംവരണ തത്വം പാലിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ മാർഗ്ഗ നിർദ്ദേശപ്രകാരം തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ നിന്നും നിരക്ക് പ്രകാരം പ്രതിമാസം പരമാവധി 24,520/- രൂപ കരാർ ശമ്പളത്തിൽ 1322 കോൺട്രാക്ട് സർവെയർമാരെയും, 18,390/- രൂപ കരാർ ശമ്പളത്തിൽ 1909 കോൺട്രാക്ട് ഹെൽപ്പർമാരെയും ഡിജിറ്റൽ സർവെ ജോലികൾക്ക് വേണ്ടി നിലവിൽ നിയോഗിച്ചിട്ടുണ്ട്. ശേഷിക്കുന്ന ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഡിജിറ്റൽ സർവെയുടെ സുഗമമായ നടത്തിപ്പിന് സർവ്വേയർമാരെ നിയമിക്കുന്നതിന് അതാത് ജില്ലകളിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ മതിയായ എണ്ണം ഉദ്യോഗാർത്ഥികൾ ലഭ്യമല്ലായെങ്കിൽ സമീപ ജില്ലകളിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടുണ്ട്.<br><br>ജില്ലകളിലെ നിലവിലുള്ള നിയമന വിവരം **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (സി) | ഓരോ ജില്ലയിലെയും സർവ്വേ നടപടികളുടെ പുരോഗതി പ്രത്യേകമായി ലഭ്യമാക്കുമോ? | (സി) | ഡിജിറ്റൽ റീസർവെയുടെ ആദ്യ രണ്ട് ഘട്ടങ്ങളിലെ 01/10/2024 വരെയുള്ള പുരോഗതി ജില്ല തിരിച്ചുള്ളത് **അനുബന്ധം 2** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

| DISTRICT | Contract Surveyor | Contract Helper |
|---|---|---|
| THIRUVANANTHAPURAM | 129 | 177 |
| KOLLAM | 99 | 130 |
| PATHANAMTITTA | 75 | 90 |
| ALAPPUZHA | 73 | 102 |
| KOTTAYAM | 93 | 96 |
| IDUKKI | 87 | 152 |
| ERNAKULAM | 148 | 165 |
| THIRSSUR | 127 | 169 |
| PALAKKAD | 116 | 165 |
| MALAPPURAM | 118 | 170 |
| KOZHIKKODE | 63 | 145 |
| WAYANAD | 48 | 86 |
| KANNUR | 90 | 163 |
| KASARGOD | 56 | 99 |
| **TOTAL** | **1322** | **1909** |

അനുബന്ധം -2

**ആദ്യഘട്ട 200 വില്ലേജുകളുടെ പുരോഗതി**

| നമ്പർ | ജില്ല | വിസ്തീർണ്ണം (ഹെക്ടർ) | അനുവദിച്ച വില്ലേജുകളുടെ എണ്ണം | പൂർത്തീകരിച്ച വിസ്തീർണ്ണം ഹെക്ടറിൽ (ഏകദേശം) | പൂർത്തീകരിച്ച ശതമാനം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 29073.08 | 22 | 29073.08 | 100.00 |
| 2 | കൊല്ലം | 21877.90 | 12 | 21877.90 | 100.00 |
| 3 | പത്തനംതിട്ട | 37155.93 | 12 | 37155.93 | 100.00 |
| 4 | ആലപ്പുഴ | 12431.12 | 8 | 12431.12 | 100.00 |
| 5 | കോട്ടയം | 15634.59 | 9 | 15634.59 | 100.00 |
| 6 | ഇടുക്കി | 92851.50 | 13 | 76493.44 | 82.38 |
| 7 | എറണാകുളം | 14758.74 | 13 | 14758.74 | 100.00 |
| 8 | തൃശ്ശൂർ | 17193.94 | 23 | 17193.94 | 100.00 |
| 9 | പാലക്കാട് | 26739.24 | 14 | 26739.24 | 100.00 |
| 10 | മലപ്പുറം | 22646.00 | 18 | 22646.00 | 100.00 |
| 11 | കോഴിക്കോട് | 30087.00 | 16 | 27348.99 | 90.90 |
| 12 | വയനാട് | 32009.00 | 8 | 27682.26 | 86.48 |
| 13 | കണ്ണൂർ | 30025.11 | 14 | 30025.11 | 100.00 |
| 14 | കാസർകോട് | 10192.72 | 18 | 10192.72 | 100.00 |
| | ആകെ | **392,675.88** | **200.00** | **369,253.07** | **94.04** |

രണ്ടാം ഘട്ട 238 വില്ലേജുകളുടെ പുരോഗതി

| നമ്പർ | ജില്ല | വിസ്തീർണ്ണം (ഹെക്ടർ) | അനുവദിച്ച വില്ലേജുകളുടെ എണ്ണം | പൂർത്തീകരിച്ച വിസ്തീർണ്ണം ഹെക്ടറിൽ (ഏകദേശം) | പൂർത്തീകരിച്ച ശതമാനം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 51381.4 | 24 | 6681.99 | 13.00 |
| 2 | കൊല്ലം | 29062.1 | 18 | 8247.72 | 28.38 |
| 3 | പത്തനംതിട്ട | 108193.5 | 20 | 6153.48 | 5.69 |
| 4 | ആലപ്പുഴ | 30812.1 | 23 | 3260.58 | 10.58 |
| 5 | കോട്ടയം | 19549.7 | 13 | 9260.84 | 47.37 |
| 6 | ഇടുക്കി | 99943.4 | 11 | 3090.71 | 3.09 |
| 7 | എറണാകുളം | 22796 | 15 | 7466.98 | 32.76 |
| 8 | തൃശ്ശൂർ | 18158 | 24 | 3175.44 | 17.49 |
| 9 | പാലക്കാട് | 47820.6 | 15 | 9380.09 | 19.62 |
| 10 | മലപ്പുറം | 47716.5 | 18 | 6691.81 | 14.02 |
| 11 | കോഴിക്കോട് | 33254.5 | 17 | 1331.64 | 4.00 |
| 12 | വയനാട് | 33944 | 7 | 4716.51 | 13.89 |
| 13 | കണ്ണൂർ | 25992.5 | 14 | 18828.83 | 72.44 |
| 14 | കാസർകോട് | 35876 | 19 | 14275.59 | 39.79 |
| | ആകെ | **604500.3** | **238** | **102,562.21** | **16.97** |